(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് തയ്യാറാക്കിയിട്ടുള്ള സ്ലൈഡ് പ്രോജക്ടിനുവേണ്ടി ഇക്കഴിഞ്ഞ രണ്ടു വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) ഓരോ വർഷവും സ്ലൈഡ് പ്രോജക്ടിന്റെ പ്രവർത്തനത്തിൽ കൈവരിക്കേണ്ട ലക്ഷ്യം എന്തായിരുന്നുവെന്നും അതിൽ എത്ര മാത്രം കൈവരിക്കുവാൻ കഴിഞ്ഞു എന്നും വിശദീകരിക്കുമോ;

(സി) 1999-2000-മാണ്ടിൽ സ്ലൈഡ് പ്രോജക്ടിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സ്ലൈഡ് പ്രോജക്ടിന്റെ പ്രാരംഭ നടപടികൾ സി-ഡിറ്റിലെ റിസോഴ്സ് ഇൻഫർമേഷൻ സിസ്റ്റം ഡിവിഷനാണ് ഏറ്റെടുത്ത് ചെയ്തിട്ടുള്ളത്.

(ബി) 1997-98-ൽ പ്രോജക്ടിന്റെ വിവിധ വശങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും മറ്റു സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു. ആർ.ഐ.എസ്. ലാബിനു വേണ്ട ഉപകരണങ്ങളുടെ സ്ഥാപനവും നടത്തി. വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കർമ്മസമിതി രൂപീകരിച്ചു. വിവിധ വിഷയങ്ങളിൽ അഞ്ചു വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

1998-99 വർഷത്തിലേക്ക് പദ്ധതിവിഹിതമായി 25 ലക്ഷം രൂപ അനുവദിച്ചു. ഇതുപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ടിന്റെ തുടക്കംകുറിച്ചു. 1998 ജൂൺ 13-ന് കുമരകം പഞ്ചായത്തിൽ പ്രോജക്ടിന്റെ ഭാഗമായി ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിച്ചു. പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിന്റെ സിസ്റ്റം സ്റ്റഡി പൂർത്തിയാക്കി.

പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിന് പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള സഹായികൾ പ്രസിദ്ധീകരിച്ചു. പഞ്ചായത്ത് മെമ്പർമാർക്കും ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ പരിശീലനം നൽകി. ജനന മരണ സർട്ടിഫിക്കറ്റ്, ജനകീയാസൂത്രണ പദ്ധതികളുടെ ഡാറ്റാബേസ്, ഓഫീസ് കത്തിടപാട് എന്നീ മേഖലകളിൽ സോഫ്റ്റ്വെയർ വികസിപ്പിച്ചു.

(സി) കുമരകം പഞ്ചായത്തിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുക. അതിന്റെ അനുഭവങ്ങൾ സ്വാംശീകരിച്ചുകൊണ്ട് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിന് സാങ്കേതികസഹായം നൽകുക, പഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും കമ്പ്യൂട്ടർ പരിശീലനം നൽകുക, പരിശീലന സഹായികൾ (മലയാളത്തിൽ) പ്രസിദ്ധീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ 1999-2000-മാണ്ടിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

51 (1802) സി-ഡിറ്റിന്റെ സ്ലൈഡ് പ്രോജക്ടുകൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സി-ഡിറ്റ് തയ്യാറാക്കിയ സ്ലൈഡ് പ്രോജക്ട് സി-ഡിറ്റിൽനിന്നും മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ബി) സ്ലൈഡ് പ്രോജക്ട് നടപ്പാക്കാനുള്ള ശേഷിയും ടെക്നിക്കൽ നോഹൗ-ഉം സി-ഡിറ്റിനില്ലേ;

(സി) ഉണ്ടെങ്കിൽ സ്ലൈഡ് പ്രോജക്ട് സംബന്ധിച്ച് കാര്യങ്ങൾ സി-ഡിറ്റിൽ നിന്നും മാറ്റാതിരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പ്രസക്തമല്ല.

52 (1803) **സി.ഡി.എസ്സുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ഡി. എസ്സുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന മാവേലിക്കര മുനിസിപ്പാലിറ്റിയിലെ യു.പി.എ. പ്രോജക്ട് ഓഫീസറുടെ നടപടികൾ നിർത്തിവച്ച് അന്വേഷണം നടത്തുമോ;

(സി) ഇതു സംബന്ധിച്ച് മാവേലിക്കര മുനിസിപ്പൽ ലവൽ എക്സ്പെർട്ട് കമ്മിറ്റി കോ-ഓർഡിനേറ്ററുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സർക്കാർ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ. എസ്.ആർ.വൈ., എൻ.എസ്.ഡി.പി. എന്നിവ മുനിസിപ്പൽ പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടായിരുന്നത് ദൂരീകരിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly